**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1351** **12-02-2025 - ൽ മറുപടിയ്ക്ക്**

**ചോദ്യപ്പേപ്പർ ചോർച്ചയിലെ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ഡോ. എം. കെ. മുനീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ക്രിസ്തുമസ് പരീക്ഷാ ചോദ്യപേപ്പർ ചോർന്ന സംഭവത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | ഈ പ്രശ്നം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനും, ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ശിപാർശ സമർപ്പിക്കുന്നതിനും ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. ഈ കമ്മിറ്റി പരീക്ഷാ ചോദ്യപേപ്പർ ചേർച്ചയുമായി ബന്ധപ്പെട്ട് ചോദ്യപേപ്പർ നിർമ്മാണത്തിലും വിതരണത്തിലും വിവിധ തലങ്ങളിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ പരിശോധിച്ചു വരുന്നു. |
| (ബി) | സ്വകാര്യ ട്യൂഷനെടുക്കുന്ന അധ്യാപകർക്ക് ഇതിൽ പങ്കുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ സ്വകാര്യ ട്യൂഷൻ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | നിലവിൽ കണ്ടെത്തിയിട്ടില്ല. |
| (സി) | ചോദ്യ പേപ്പർ തയ്യാറാക്കുന്നതിലും അച്ചടിക്കുന്നതിലും രഹസ്യസ്വഭാവം സംരക്ഷിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | ചോദ്യപേപ്പർ നിർമ്മാണവും വിതരണവും രഹസ്യ സ്വഭാവം നിലനിർത്തിക്കൊണ്ടാണ് ചെയ്യുന്നത്. ഇത്തരത്തിലുള്ള സംഭവങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. ഈ കമ്മിറ്റി പരീക്ഷാ ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് ചോദ്യപേപ്പർ നിർമ്മാണത്തിലും വിതരണത്തിലും വിവിധ തലങ്ങളിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ